(ബി) എങ്കിൽ അവയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ വെളിപ്പെടുത്തുമോ;

(സി) ഏത് നിഘണ്ടുവാണ് നൽകിയത്;

(ഡി) അതിന് ഓരോന്നിനും എന്ത് വിലയായെന്ന് വെളിപ്പെടുത്തുമോ;

(ഇ) കേരളത്തിലെ എല്ലാ ജില്ലകളിലും ഒരേ നിഘണ്ടുതന്നെയാണോ നൽകിയത്;

(എഫ്)ഇത് സംബന്ധിച്ച് കേരളാ ഹൈക്കോടതിയിൽ ഏതെങ്കിലും കേസ്സ് നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മുതൽ (എഫ്) വരെ വിവരം ശേഖരിച്ചു വരുന്നു.

27 (171) മരുതൂർ ഗവണ്മെന്റ് എൽ.പി. സ്കൂളിൽ പ്രീ-പ്രൈമറി ക്ലാസ്സ് അനുവദിക്കുവാൻ നടപടി

ശ്രീമതി എൻ.കെ. രാധ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പേരാമ്പ്ര നിയോജകമണ്ഡലത്തിലെ മരുതൂർ ഗവൺമെന്റ് എൽ.പി. സ്കൂളിൽ ഒരു പ്രീ-പ്രൈമറി ക്ലാസ്സ് അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം ഗവണ്മെന്റിന് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിൻമേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ടി നിവേദനം ഡി.പി.ഐ.യുടെ റിപ്പോർട്ടിനായി 17.5.1999-ൽ അയച്ചുകൊടുത്തിയിട്ടുണ്ട്.

28 (172) അരുവിക്കര ഗവണ്മെന്റ് ഹൈസ്കൂളിന്റെ കെട്ടിടം പണി

ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ അരുവിക്കര ഗവണ്മെന്റ് ഹൈസ്ക്കൂളിനുവേണ്ടിയുള്ള കെട്ടിടത്തിന്റെ പണിക്ക് സർക്കാർ അനുമതി നൽകിയതെന്നാണ്;

(ബി) ഈ കെട്ടിടത്തിന്റെ പണി ഏത് ഏജൻസിയാണ് നടത്തുന്നത്;

(സി) കെട്ടിടത്തിന്റെ പണി നിർത്തിവച്ചിരിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇപ്പോൾ നിർമ്മാണം ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഈ കെട്ടിടത്തിന്റെ പണി പൂർത്തിയാക്കുന്നതിന് സർക്കാർ എന്തു തുകയാണ് അധികമായി അനുവദിച്ചത്; എന്നാണ് ഈ തുക അനുവദിച്ചത്;

(എഫ്) ഈ കെട്ടിടത്തിന്റെ പണി വീണ്ടും എന്ന് തുടങ്ങുമെന്നും എന്ന് പൂർത്തിയാക്കുമെന്നും വിശദമാക്കുമോ?

ഉത്തരം

(എ) 5.6.93-ൽ അനുമതി നൽകി

(ബി കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനാണ് പണി നടത്തുന്നത്.

(സി) ഉണ്ട്.

(ഡി) ഗ്രൗണ്ട്ഫ്ലോർ സ്ലാബ് പണി തീർന്നു. രണ്ടാമത്തെ നിലയുടെ പകുതി ഭാഗം റൂഫ് ഇട്ടു. ബാക്കി ഭാഗം ലിന്റിൽ വരെ പൂർത്തിയായി.

(ഇ) അരുവിക്കര ഗവണ്മെന്റ് ഹൈസ്കൂളിന്റെയും മറ്റു രണ്ടു സ്കൂളുകളുടെയും കെട്ടിടനിർമ്മാണത്തിന് ഇരുപതുലക്ഷം രൂപ 11.11.1998-ൽ അനുവദിച്ചു.

(എഫ്) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കെട്ടിടത്തിന്റെ പണി എത്രയും പെട്ടെന്ന് തുടങ്ങുന്നതാണ്.

29 (173) നടുവിൽ ടെക്നിക്കൽ ഹൈസ്കൂളിന് കെട്ടിടം

ശ്രീ. കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നടുവിൽ (കണ്ണൂർ ജില്ല) ടെക്നിക്കൽ ഹൈസ്കൂളിന് കെട്ടിടം നിർമ്മിക്കാൻ ഭരണാനുമതി നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നാണ് നൽകിയത്;

(സി) പ്രസ്തുത സ്കൂളിനുവേണ്ടി ഡിപ്പാർട്ടുമെന്റിൽ സ്ഥിരമായോ താൽക്കാലികമായോ കെട്ടിടം നിർമ്മിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത സ്കൂളിലെ ടീച്ചിംഗ്, നോൺ ടീച്ചിംഗ് തസ്തികകളിൽ ഇപ്പോൾ എത്ര ഒഴിവുകൾ ഉണ്ട്;

(ഇ) ഒഴിവുകൾ നികത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) 21.10.95 ലെ ജി.ഒ (ആർ.ടി.) 1447/95/ഉ.വി.വ. നമ്പർ ഉത്തരവ് പ്രകാരം നടുവിൽ ടെക്നിക്കൽ ഹൈസ്കൂളിന് കെട്ടിടം നിർമ്മിക്കാൻ ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) പ്രത്യേക അനുമതിയ്ക്ക് അപേക്ഷിക്കുന്നതിനായി അക്കൗണ്ട് ഹെഡ്ഡിലെ, സേവിംഗ്സ് അറിയിക്കാൻ ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി)&(ഇ) ടീച്ചിംഗ് തസ്തികയിൽ മൂന്ന് ഒഴിവുകളുണ്ട്. നോൺ ടീച്ചിംഗ് തസ്തികയിൽ ഒഴിവുകളൊന്നുമില്ല. ഒഴിവുകൾ നികത്താനുള്ള നടപടി സ്വീകരിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly